**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്. ടി. കൗൺസിൽ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി.) കൗൺസിലിന്റെ ശിപാർശകൾ അംഗീകരിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്നും, ജി.എസ്.ടി. നിയമനിർമ്മാണത്തിന് പാർലമെന്റിനും നിയമസഭകൾക്കും തുല്യ അധികാരമുണ്ടെന്നുമുള്ള സുപ്രീം കോടതി മൂന്നംഗ ബെഞ്ചിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നാളിതുവരെ ജി.എസ്.ടി. കൗൺസിലിന്റെ ഏതെങ്കിലും ശിപാർശകൾ സംസ്ഥാന താല്പര്യങ്ങൾക്ക് എതിരായി വന്നിട്ടുണ്ടോ; എങ്കിൽ അവയിൽ ഏതെങ്കിലും തള്ളിക്കളഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്രവും സംസ്ഥാനങ്ങളും സമവായത്തിലെത്തിയ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ കേന്ദ്രവും സംസ്ഥാനങ്ങളും പിന്തുടരുന്ന ഒരു സംവിധാനമായാണ് ജി.എസ്.ടി.-യിൽ നിലവിൽ ഉള്ളത്. ജി.എസ്.ടി. കൗൺസിലിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുത്തതും ഈ സാഹചര്യത്തിൽ വിയോജിപ്പുള്ള സംസ്ഥാനങ്ങൾ പോലും ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നടപ്പാക്കിയതുമായ ഒരു ഒറ്റപ്പെട്ട സംഭവമേ ഉണ്ടായിട്ടുള്ളൂ. മറ്റെല്ലാ സാഹചര്യങ്ങളിലും സമവായത്തോടെയാണ് ജി.എസ്.ടി. കൗൺസിലിൽ തീരുമാനങ്ങൾ എടുത്തിരിക്കുന്നത്. |
| (സി) | ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിയമ നിർമ്മാണം സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശകൾ നടപ്പിൽ വരുന്നത് കേന്ദ്ര സർക്കാരും അതാത് സംസ്ഥാന സർക്കാരുകളും അവരുടെ ജി.എസ്.ടി. നിയമങ്ങളിൽ ഭേദഗതികൾ വരുത്തുമ്പോഴാണ്. പക്ഷെ ജി.എസ്.ടി. നിയമ പ്രകാരം ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിന് ജി.എസ്.ടി. കൗൺസിലിന്റെ മുൻകൂർ ശിപാർശകൾ ആവശ്യമാണ്. |
| (ഡി) | ഈ വിധിയുടെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ ലോട്ടറി ഉൾപ്പെടെയുള്ളവയ്ക്ക് നികുതി കുറച്ചും, അന്യ സംസ്ഥാന സ്വകാര്യ ലോട്ടറി, ഓൺലൈൻ | (ഡി) | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി |

| | | | |
|---|---|---|---|
| | ഗെയിമിംഗ്, കാസിനോകൾ എന്നിവയുടെ നികുതി വർധിപ്പിച്ചും സംസ്ഥാന താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ? | | കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ